**പതിമൂന്നാം കേരളനിയമസഭ**

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1678 — 17.06.2013 ന് മറുപടിയ്ക്ക്

**പരിസ്ഥിതിലോല മേഖലകളിലെ നിയന്ത്രണവും നിരോധനവും**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.ദിവാകരൻ | ശ്രീ.ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) |
| പരിസ്ഥിതിലോല മേഖലകളായി പ്രഖ്യാപിക്കുന്ന സ്ഥലങ്ങളിൽ എന്തെല്ലാം പ്രവർത്തന ങ്ങൾക്കാണ് നിയന്ത്രണവും നിരോധനവും ഏർപ്പെടുത്തിയി രിക്കുന്നത്; വിശദമാക്കുമോ? | വന്യമൃഗസങ്കേതങ്ങൾക്ക് ചുറ്റുമുള്ള പാരിസ്ഥിതിക സംവേദക മേഖലകളായി പ്രഖ്യാപിക്കുവാൻ ശുപാർശ ചെയ്ത സ്ഥലങ്ങളിൽ പൊതുവായി താഴെ പറയുന്ന പ്രവർത്തനങ്ങൾക്കാണ് നിയന്ത്രണവും നിരോധനവും ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത്.<br>1. വാണിജ്യാടിസ്ഥാനത്തിലുള്ള ഖനനം.<br>2. മരംമുറി<br>3. ഈർച്ചമില്ല് സ്ഥാപിക്കുന്നത്.<br>4. മലിനീകരണമുണ്ടാക്കുന്ന (ജലം, വായു,മണ്ണ്, ശബ്ദം) വ്യവസായങ്ങൾ തുടങ്ങുന്നത്.<br>5. ഹോട്ടലുകളും, റിസോർട്ടുകളും സ്ഥാപിക്കുന്നത്.<br>6. വാണിജ്യാടിസ്ഥാനത്തിലുള്ള വിറകുപയോഗം.<br>7. ഭൂഗർഭ ജലശേഖരണം ഉൾപ്പെടെ പ്രകൃത്യാ ഉള്ള ജലസ്രോതസ്സുകളുടെ വാണിജ്യാടിസ്ഥാനത്തിലുള്ള ഉപയോഗം.<br>8. വൻകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം.<br>9. വൈദ്യുതി കേബിളുകൾ വലിക്കുന്നത്.<br>10. ഹോട്ടലുകളുടേയും ലോഡ്ജുകളുടേയും പരിസരങ്ങൾ വേലികെട്ടി തിരിക്കുന്നത്.<br>11. വ്യാപാര സ്ഥാപനങ്ങളിൽ പോളിത്തീൻ സഞ്ചികൾ ഉപയോഗിക്കുന്നത്.<br>12. റോഡ് വീതി കൂട്ടുന്നത്.<br>13. വിദേശജാതി ഇനങ്ങൾ കൊണ്ടുവരുന്നത്.<br>14. അപകടകാരികളായ വസ്തുക്കളുടെ ഉപയോഗം/നിർമ്മാണം<br>15. ഹെലികോപ്റ്റർ ഉപയോഗിച്ച് ദേശീയോദ്യാനത്തിനു മുകളിലൂടെ വിനോദസഞ്ചാര പ്രവർത്തനങ്ങൾ നടത്തുന്നത്.<br>16. നദീതടങ്ങൾക്കും കുന്നിൻചരിവുകൾക്കും അപചയമുണ്ടാക്കുന്ന പ്രവർത്തികൾ.<br>17. കരയിലോ, പ്രകൃത്യാ ഉള്ള ജലാശയങ്ങളിലോ ഖര-ദ്രവ മാലിന്യങ്ങൾ തള്ളുന്നത്.<br>18. വായു, ശബ്ദ, വാഹന മലിനീകരണം.<br>19. അടയാള സൂചികകൾ, പരസ്യ ഫലകങ്ങൾ എന്നിവ സ്ഥാപിക്കുന്നത്. |

സെക്ഷൻ ഓഫീസർ